Talented Bankers Literary Panel
പുസ്തകപരിചയം 93

പുസ്തകം പരിചയപ്പെടുത്തുന്നത്,
സ്വപ്നരാജ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
താനൂർ ബ്രാഞ്ച്.

**ഈച്ചകളുടെ തമ്പുരാൻ**
**(Lord of the Flies) - 1954**
**വില്യം ഗോൾഡിങ്**

ചില കഥകൾ നമ്മളെ തീർത്തും വ്യത്യസ്തമായ ഭൂമികകളിലൂടെ കൊണ്ട് പോവും. പലപ്പോഴും യാഥാർഥ്യം എന്നത് ഒരു മറയുടെ പിന്നിൽ ഒളിപ്പിച്ചു കൊണ്ടായിരിക്കും ആ കഥകൾ സഞ്ചരിക്കുക. അത് പോലൊരു അനുഭവമാണ് ഈച്ചകളുടെ തമ്പുരാൻ (Lord of the Flies ) നമുക്ക് സമ്മാനിക്കുന്നത്.

ഒരു പറ്റം കുട്ടികൾ (കുട്ടികൾ എന്നത് വളരെ പ്രസക്തമാണ് ) ഒരു വിമാനം തകർന്ന് ഒരു ദ്വീപിൽ വേറെ മുതിർന്നവർ ഇല്ലാതെ ജീവിക്കേണ്ടി വരുന്നതാണ് നോവലിന്റെ ഇതിവൃത്തം.

പരിഷ്കൃത സമൂഹത്തിൽ ജനിച്ചു വളർന്ന ഇവർക്കിടയിലെ സ്വഭാവരൂപീകരണവും, ആൾക്കൂട്ടമനോഭാവവും, കൂട്ടം തെറ്റലുകളും വായനക്കാരനെ പിടിച്ചിരുത്തുന്ന രീതിയിൽ അവതരിപ്പിക്കാൻ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട്.

ദ്വീപിൽ ചിതറിപ്പോയ കുട്ടികളിൽ ഒരാൾക്ക് കിട്ടുന്ന ശംഖ് അവർക്കിടയിലെ നേതാവിനെ തീരുമാനിക്കുന്ന പ്രതീകമായി മാറുന്നു. ഒരു സമൂഹം പതുക്കെ രൂപപ്പെടുന്നത് ചടുലമായ ആഖ്യാനശൈലിയിലൂടെ കഥാകൃത്ത് വരച്ചിടുന്നു. ഭക്ഷണത്തിനായുള്ള നായാട്ടും, ദ്വീപിലെ പരിചിതമല്ലാത്ത ഭാഗങ്ങളിലേക്കുള്ള യാത്രകളും, കൂട്ടത്തിലെ ചെറിയ കുട്ടികളുടെ ഭീതിയും, അടുത്ത് കൂടി കടന്നു പോകുന്ന കപ്പലുകളുടെ ശ്രദ്ധ ആകർഷിക്കാനായി തീ കൊളുത്തുന്നതും തുടങ്ങി പല ചിത്രങ്ങളിലൂടെ നമ്മളും ആ സമൂഹത്തിന്റെ ഭാഗമായി ഭാഗമായി മാറുകയാണ്.

ദ്വീപിൽ എവിടെയോ ഉണ്ടെന്ന് ഇവർ വിശ്വസിക്കുന്ന ഒരു ഭീകര ജീവിയാണ് കഥയുടെ ഗതി മാറ്റുന്നത്. ആ ജീവിയെ നേരിടാനുള്ള ശ്രമങ്ങൾ ഇവർക്കിടയിൽ ചേരിപ്പോരുകൾ ഉണ്ടാക്കുന്നു. കൂടെയുള്ള അംഗങ്ങളുടെ മരണത്തിൽ വരെ എത്തി നിൽക്കുന്ന സംഭവ വികാസങ്ങൾ ഇതിനിടയിൽ ഉണ്ടാകുന്നു. മൂർച്ചയുള്ള ആയുധങ്ങൾ, പരസ്പരം നേരിടാനുള്ള പദ്ധതികൾ, പാളിപ്പോകുന്ന ചിന്താധാരകൾ. ഈ അസാമാന്യ സൃഷ്ടിയിൽ ഒളിപ്പിച്ചു വെച്ചിരിക്കുന്ന കൗതുകങ്ങൾ ഏറെയാണ്.

ഒടുവിലത്തെ അധ്യായം പ്രത്യേകം പരാമർശം അർഹിക്കുന്നു. ഒരു വലിയ കൊടുമുടിയുടെ മുകളിൽ നിന്നും പെട്ടെന്ന് താഴേക്ക് പതിക്കുമ്പോഴുള്ള ആഘാതം പോലെ. കഥാപാത്രങ്ങൾക്കിടയിലേക്ക് നമ്മൾ അറിയാതെ ആഴത്തിൽ ഇറങ്ങി ചെന്നത്

കൊണ്ടാവാം. ആ അദ്ധ്യായത്തിൽ, ദ്വീപിലേക്ക് അടുക്കുന്ന ഒരു ബോട്ടിൽ നിന്നും മൂന്നാമതൊരാൾ - കഥാപാത്രങ്ങളും വായനക്കാരനും അല്ലാതെ - അവിടേക്ക് നടന്നു വരുന്നു. അയാളുടെ കാഴ്ചപ്പാടിലേക്ക് കഥാകാരൻ പെട്ടെന്ന് മാറുമ്പോൾ അവിടെ സംഭവിക്കുന്ന സ്ഥിതിവിശേഷം പുസ്തകം വായിച്ചു തന്നെ മനസ്സിലാക്കണം.

പലപ്പോഴും യാഥാർത്ഥ്യത്തിലേക്കുള്ള തിരിച്ചു വരവ് ഒരു ഞെട്ടിക്കുന്ന അനുഭവമാണ്. ഇവിടെ കുറച്ചു നേരത്തേക്ക് മിഥ്യകളുടെ ലോകത്തു നിന്നുമുള്ള ആ മടക്കം നമ്മളെ വേറൊരു മാനസികാവസ്ഥയിൽ എത്തിക്കുന്നു.

മനുഷ്യന്റെ ഉള്ളിലുള്ള മൃഗം പുറത്തു ചാടുന്ന സന്ദർഭങ്ങൾ ഈ കൃതിയിൽ ഉടനീളം കാണാം. പരിഷ്കൃത സമൂഹത്തിന്റെ പ്രതിനിധികളായ കുട്ടികൾ എങ്ങിനെ പ്രാകൃതമായ ചിന്തകളിലേക്കും, അക്രമങ്ങളിലേക്കും വഴുതി വീഴുന്നു എന്നതാണ് എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നത്.

ഒരു പോത്തിന്റെ ഓട്ടത്തെ മനുഷ്യനിലെ ഉറങ്ങിക്കിടക്കുന്ന മൃഗം പുറത്തു വരുന്നതിലേക്ക് സന്നിവേശിപ്പിച്ച ജെല്ലിക്കെട്ട് സിനിമയുടെ ഇതിവൃത്തം അതിനേക്കാൾ മനോഹരമായി പറഞ്ഞു വെക്കുന്നുണ്ട് ഗോൾഡിങ്.

2019 നവംബറിൽ BBC പുറത്തിറക്കിയ , ലോകത്തെ ഏറ്റവും സ്വാധീനിച്ച 100 പുസ്തകങ്ങളിൽ ഒന്നാണ് ഈ നോവൽ.

kindle എഡിഷൻ ആമസോണിൽ ലഭ്യമാണ്.
വില - Rs.215/-